# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 974** — **13.06.2013 ൽ മറുപടിയ്ക്ക്**

## അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം

**ചോദ്യം**

ശ്രീ.സി എഫ് തോമസ്
ശ്രീ. റ്റി.യു. കുരുവിള

(എ) അൺ എയ്ഡഡ് മേഖലയിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ ഏത് വരെയായി എന്ന് വ്യക്തമാക്കാമോ;

(ബി) അൺ എയ്ഡഡ് മേഖലയിൽ 2011 ന് മുമ്പ് പ്രവർത്തിച്ച് വരുന്ന മുഴുവൻ സ്കൂളുകൾക്കും അനുമതി നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ?

**ഉത്തരം**

ശ്രീ. പി.കെ. അബ്ദുറബ്ബ്
വിദ്യാഭ്യാസ വകുപ്പുമന്ത്രി

(എ) & (ബി)

സംസ്ഥാനത്ത് വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി അംഗീകാരമില്ലാതെ പ്രവർത്തിച്ചു വരുന്നതും കേരള വിദ്യാഭ്യാസ ചട്ടങ്ങളിലും വിദ്യാഭ്യാസ അവകാശ നിയമത്തിലും നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ച് പ്രവർത്തിക്കുന്നതുമായ എല്ലാ സ്കൂളുകൾക്കും അംഗീകാരം നൽകുകയും അപ്രകാരം അല്ലാത്ത സ്കൂളുകൾ അടച്ചു പൂട്ടുകയും ചെയ്യേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി അംഗീകാരമില്ലാതെ പ്രവർത്തിച്ചു വരുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ (guidelines) 10.06.13 സ.ഉ. (കൈ.) നം.184/13/പൊ.വി. നമ്പർ ഉത്തരവു പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അംഗീകാരം നൽകുക.

Chitra
സെക്ഷൻ ഓഫീസർ